പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3151 — 07.02.2018-ൽ മറുപടിക്ക്

ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ അനുമതിയോടെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജിന്റെ ഉടമസ്ഥതയിലും കൈവശമുള്ളതുമായ തെക്കും ഭാഗം വില്ലേജ് സർവ്വെ നം.637/2-ൽ പ്പെട്ട 1.07 ആർ സ്ഥലം ബസ് ഷെൽട്ടർ നിർമ്മാണത്തിന് വേണ്ടി തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്ക് നൽകുന്നതിനു വേണ്ടി നടപടികൾ നടന്നു വരുന്നതാണ്. |
| (ബി) ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) വില നിർണ്ണയം പൂർത്തിയാക്കിയിട്ടില്ലാത്തതും സ്ഥലം വിട്ടു നൽകുന്നതിന് വകുപ്പ് മേധാവിയുടേയോ, ജില്ലാ മേധാവികളുടേയോ സമ്മതപത്രം ഹാജരാക്കാൻ ആയുർവേദ കോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയെങ്കിലും നാളിതു വരെ മറുപടി ലഭിച്ചിട്ടില്ല. |
| (സി) ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;<br>(ഡി) ഈ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരി ക്കുമോ? | (സി) & (ഡി) വകുപ്പ് മേധാവിയുടേയോ ജില്ലാ മേധാവിയുടേയോ സമ്മതപത്രം ലഭിച്ചതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ